# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3350 — 14.10.2011-ൽ മറുപടിയ്ക്ക്

**അനർഹർ ആനുകൂല്യങ്ങൾ അനുഭവിച്ച് വരുന്നതിനെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ടി. യു. കുരുവിള | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) തദ്ദേശ സ്വയം ഭരണ സ്ഥപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും കമ്പ്യൂട്ടറൈസേഷനും ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകരിച്ചുകൊണ്ടുള്ള നടപടികൾ നടന്നു വരുന്നു. 01.04.2011 മുതൽ ഗ്രാമപഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പരിശീലനവും തുടർ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേയും, പഞ്ചായത്ത ഡയറക്ടറേറ്റിലേയും പൗരാവകാശരേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറിപ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബി.എസ്.എൻ.എൽ. മുഖേനയുള്ള സി യു ജി സിം കാർഡ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുംപ്രസിഡന്റുമാർക്കും നൽകിയിട്ടുണ്ട്. |
| (ബി) പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽഅർഹതയില്ലാത്തവർവ്യക്തിഗത ആനുകൂല്യങ്ങൾ അനുഭവിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ